# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2041** 05/12/2018 **ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സയ്ക്ക് വേണ്ടി അനുവദിക്കുന്ന ധനസഹായം**

| **ചോദ്യം**<br>**ശ്രീ.ഡി.കെ. മുരളി** | **ഉത്തരം**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സയ്ക്ക് വേണ്ടി അനുവദിക്കുന്ന ധനസഹായം വളരെ പരിമിതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അപ്രകാരം ചികിത്സയ്ക്ക് വേണ്ടി അനുവദിക്കുന്ന തുക ആവശ്യത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ? | (എ) & (ബി) രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാചെലവിനും ആനുപാതികമായി മുഖ്യമന്ത്രിയുടെദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. മാരകമായ അസുഖങ്ങൾക്ക് ചികിത്സ വേണ്ടി വരികയും ആ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മാത്രമായി ചികിത്സ ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ചികിത്സാ ചെലവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും നിലവിലെ മാനദണ്ഡ പ്രകാരം നൽകുന്ന മിനിമം തുകയിൽ നിന്നും ഒരാൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ വരെ അനുവദിക്കാറുണ്ട്. 3,00,000 രൂപയിൽ കൂടുതൽ അനുവദിക്കണമെങ്കിൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. ഗുരുതരമായ രോഗങ്ങൾക്ക് ഒരിക്കൽ ധനസഹായം അനുവദിച്ചു കഴിഞ്ഞ ശേഷം രണ്ടു വർഷം കഴിഞ്ഞ് വീണ്ടും അപേക്ഷിക്കാവുന്നതാണ്. എന്നാൽ തികച്ചും അർഹമെന്നു തോന്നുന്ന കേസുകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. |

Sreeleka. A.S.
സെക്ഷൻ ഓഫീസർ